മക്തബ്

1193 മേടം 27 1439 ശഅബാൻ 23

കേൾക്കേണ്ട ശബ്ദം:

മനുഷ്യർ പരസ്പരം കൊല്ലുന്നത് മനുഷ്യത്വത്തിന്റെ നിഷേധമാണ്. മറ്റൊരുത്തന്റെ നെഞ്ചിൽ കഠാര കുത്തിയിറക്കുന്ന മൃഗീയതയുടെ കാരണം അന്വേഷിക്കണം.

–പ്രൊഫ. എം.കെ.സാനു

കത്തി താഴെ വെപ്പിക്കാൻ ജനകീയ ഇടപെടലുണ്ടാകണം

കണ്ണൂർ ജില്ലയിലെ ജനങ്ങളെ സ്വസ്ഥമായി ജീവിക്കാൻ ആർ.എസ്.എസ്-സി.പി.എം നേതൃത്വങ്ങൾ അനുവദിക്കില്ലെന്ന് ഉറപ്പായിരിക്കുന്നു. രണ്ട് കൊലപാതകങ്ങളാണ് കഴിഞ്ഞ ദിവസം നടന്നത്. പള്ളൂരിൽ സി.പി.എം പ്രാദേശിക നേതാവ് ആദ്യം വെട്ടേറ്റു മരിച്ചു. അരമണിക്കൂറിനകം ആർ.എസ്.എസ് പ്രവർത്തകനും കൊല്ലപ്പെട്ടു. രണ്ടുകൂട്ടരും ജില്ലയിൽ ഹർത്താൽ പ്രഖ്യാപിച്ച് ജനജീവിതം ദുസഹമാക്കുകയും ചെയ്തു.

പതിവുപോലെ രണ്ട് സംഘടനകളും തങ്ങളുടെതായ ന്യായീകരണങ്ങൾ നിരത്തി. മൊത്തത്തിൽ രണ്ടുകൂട്ടരും പറഞ്ഞുവച്ചത്, തങ്ങൾ സമാധാനം ആഗ്രഹിക്കുന്നവരാണ് എന്നാണ്. പിന്നെ ആരാണാവോ സമാധാനം ആഗ്രഹിക്കാത്തത്. ചോര കൊണ്ടാണോ, ജീവനെടുത്തു കൊണ്ടാണോ ഇവർ സമാധാനത്തിന്റെ കാവലാളുകളായി മാറുന്നത്.

എത്ര കാലമായി കണ്ണൂർ ജില്ല ഇങ്ങനെ കൊലപാതക രാഷ്ട്രീയത്തിന്റെ കേന്ദ്രമായി മാറിയിട്ട്. കഴിഞ്ഞ കുറച്ചുകാലമായി പരസ്പരമുള്ള കൊലകൾ വർധിക്കുകയാണ്. കണ്ണൂർ ജില്ലയുടെ ഈ ശാപം എന്നെങ്കിലും അവസാനിക്കുമെന്ന് പ്രതീക്ഷിക്കാനാവാത്ത തലത്തിലേക്ക് കാര്യങ്ങൾ എത്തിയിരിക്കുകയാണ്.

എത്രയെത്ര സമാധാന യോഗങ്ങൾ ഇവിടെ നടന്നു. സി.പി.എം, ആർ.എസ്.എസ്-ബി.ജെ.പി നേതാക്കൾ കൈകൊടുത്ത്, സൗഹാർദം പങ്ക് വച്ച്, മാധ്യമങ്ങൾക്ക് മുന്നിൽ ഫോട്ടോയ്ക്ക് പോസ് ചെയ്ത് പിരിയും. അതിന് പലപ്പോഴും മണിക്കൂറുകളുടെ പോലും ആയുസ് ഉണ്ടാവാറില്ലെന്നത് കണ്ണൂർ ജില്ലയുടെ അനുഭവമാണ്. അതുകൊണ്ട് ഇനി സമാധാന യോഗമെന്ന പ്രഹസനമല്ല വേണ്ടത്, കർശന നടപടിയാണ്.

എവിടെ നിന്ന് കർശന നടപടി ആരംഭിക്കണം എന്നത് തന്നെയാണ് പ്രധാന വിഷയം. അടിക്കടി രാഷ്ട്രീയ കൊലപാതകങ്ങൾ അരങ്ങേറുന്ന പശ്ചാത്തലത്തിൽ നേതാക്കൾക്ക് എതിരേ കേസെടുക്കുക എന്നത് തന്നെയാണ് പ്രധാനം. നേതാക്കൾ അറിയാതെയാണ് കൊലപാതകങ്ങൾ നടക്കുന്നതെന്നത് വെറുതെ പറയുന്നതാണ്. നേതാക്കൾക്ക് കൊലപാതകങ്ങളിൽ പങ്കില്ലെങ്കിൽ കൊലയാളികളെ പടിക്ക് പുറത്ത് നിർത്താൻ തയ്യാറാകേണ്ടതാണ്. എന്നാൽ ഓരോ കൊലയാളികളുടെയും കേസ് നടത്തുന്നതും അതിനായി ഫണ്ട് സമാഹരിക്കുന്നതും കുടുംബത്തിന്റെ സംരക്ഷണം ഏറ്റെടുക്കുന്നതും രാഷ്ട്രീയ നേതൃത്വങ്ങളാണ്. അതിലൂടെ കൊലപാതകത്തിന്റെ ഉത്തരവാദിത്തം സ്വയം ഏറ്റെടുക്കുകയാണ് രാഷ്ട്രീയ നേതൃത്വങ്ങൾ. മറിച്ചാണെന്ന് തെളിയിക്കാൻ ഇതുവരെയും അവർക്ക് കഴിഞ്ഞിട്ടില്ല. അങ്ങനെയൊരു വിശ്വാസം ജനങ്ങൾക്കിടയിൽ വളർത്തിയെടുക്കണമെങ്കിൽ കൊലയാളികളെയും അവരുടെ കുടുംബത്തെയും യാതൊരുവിധത്തിലും സംരക്ഷിക്കുന്നില്ലെന്ന് രാഷ്ട്രീയ നേതൃത്വങ്ങളെ കൊണ്ട് ഉറപ്പ് വരുത്തിക്കണം. മാത്രമല്ല കൊലയാളികളെ സാമൂഹ്യമായി ബഹിഷ്കരിക്കാൻ ആഹ്വാനം ചെയ്യണം. പാർട്ടി നേതൃത്വങ്ങളോട് പോലീസ് സംവിധാനം ആവശ്യപ്പെടേണ്ടത് ഇക്കാര്യമാണ്. അല്ലാതെ കൈകൊടുത്ത്, ചായ കുടിച്ച് പിരിയുന്ന പൊറാട്ട് നാടകമല്ല ആവർത്തിക്കേണ്ടത്.

രാഷ്ട്രീയ നേതൃത്വങ്ങളുടെ സംരക്ഷണം ജയിലുകളിൽ വരെ കൊലയാളി സംഘത്തിന് ലഭിക്കുന്നുവെന്നത് രഹസ്യമല്ല. ജയിലുകളിൽ അങ്ങേയറ്റം സുഖസൗകര്യമാണ് ഇവർക്ക് ലഭിക്കുന്നത്. പ്രത്യേക ഭക്ഷണം, മൊബൈൽ ഫോൺ ഉപയോഗിക്കാനുള്ള അനുമതി, മദ്യവും പുകയില ഉൽപ്പന്നങ്ങളും യഥേഷ്ടം ലഭിക്കൽ, ഇതിനൊക്കെ പുറമേ ഇഷ്ടം പോലെ പരോൾ. ജയിൽ ഇക്കൂട്ടർക്ക് വിനോദ സഞ്ചാരകേന്ദ്രം പോലെയാണ്. ജയിൽ ഭരണത്തെ നിയന്ത്രിക്കുന്നത് പോലും കൊലയാളി സംഘങ്ങളാണ്. ഇത് രാഷ്ട്രീയ നേതൃത്വങ്ങൾക്ക് കൊലയാളി സംഘങ്ങളെ യഥേഷ്ടം ലഭ്യമാകുന്നതിന് ഇടയാകുന്നു.

നിസാര കേസുകളിലെ പ്രതികളെ പിടികൂടുന്ന ആവേശമൊന്നും കൊലയാളി സംഘങ്ങളെ പിടികൂടാൻ പോലീസിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകാറില്ല. നിരപരാധികളെ തല്ലിക്കൊല്ലുന്ന പോലീസ് ക്രൂരതയുടെ പര്യായമായ ഈ കൊലയാളി സംഘങ്ങളോട് മൃദുസമീപനമാണ് സ്വീകരിക്കാറുള്ളത്. ജനകീയ സമരങ്ങളെ അടിച്ചമർത്താൻ ശൗര്യം കാണിക്കുന്ന പോലീസ് കൊലപാതക രാഷ്ട്രീയം അടിച്ചമർത്താൻ തയ്യാറാകാത്തതും കാര്യങ്ങൾ വഷളാക്കുന്നതിലെ പ്രധാന ഘടകമാണ്.

ഇരട്ടക്കൊലപാതകങ്ങളുടെ തലേദിവസമാണ് തില്ലങ്കേരിയിൽ നിന്ന് 11 ഐസ്ക്രീം ബോംബുകളും ബോംബ് നിർമ്മാണ സാമഗ്രികളും പിടികൂടിയത്. ഇടക്കിടെ ജില്ലയുടെ പല ഭാഗങ്ങളിൽ നിന്നും ബോംബുകളും ആയുധങ്ങളും കണ്ടെടുക്കാറുണ്ട്. എന്നാൽ അതിന്റെ തുടരന്വേഷണം നടക്കാറില്ല. ആരാണ് ഇവ സംഭരിച്ച് വച്ചതെന്ന് കണ്ടെത്തേണ്ടതല്ലേ. പക്ഷെ, ഒരിക്കലും കണ്ടെത്തുകയില്ല. അതുകൊണ്ടുതന്നെ ബോംബുകളും ആയുധങ്ങളും സംഭരിച്ചുവെക്കുന്നവർ യഥേഷ്ടം ആ പണി തുടരുന്നു. ഒരു ദിനം തില്ലങ്കേരിയാണെങ്കിൽ അടുത്ത ദിവസം മറ്റ് ഏതെങ്കിലും പ്രദേശത്ത് അവ ശേഖരിച്ചു വെക്കും. അല്ലെങ്കിൽ അവയുടെ നിർമ്മാണം നടക്കും. കുറ്റിക്കാട്ടിലും മറ്റും ഒളിപ്പിച്ച് വച്ച ബോംബുകൾ പൊട്ടി കൈയും കാലും കണ്ണും നഷ്ടപ്പെട്ട നിരപരാധികളുണ്ട് ജില്ലയിൽ.

കേരളത്തിലെ പോലീസ് സംവിധാനം മികച്ചതാണ്. അതിനെ രാഷ്ട്രീയ നേതൃത്വങ്ങളുടെ ചൊൽപ്പടിയിൽ നിന്ന് മോചിപ്പിച്ച് സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിച്ചാലേ ശാന്തിയും സമാധാനവും ഉറപ്പുവരുത്താൻ കഴിയുകയുള്ളൂ.

ടാഗോറിലെ പ്രവേശന പരീക്ഷ റദ്ദാക്കിയ നടപടിക്ക് ഹൈക്കോടതി സ്റ്റേ; പ്രവേശനം കുഴഞ്ഞ് മറിയും

തളിപ്പറമ്പ: ടാഗോർ വിദ്യാനികേതനിലെ പ്രവേശനത്തിന് പരീക്ഷ നടത്തുന്ന സമ്പ്രദായം റദ്ദാക്കിയ വിദ്യാഭ്യാസ ഡയരക്ടരുടെ ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തു. പൂർവ്വവിദ്യാർത്ഥി സംഘടനയും ഒരു വിദ്യാർത്ഥിയും സമർപ്പിച്ച ഹർജിയിലാണ് താൽക്കാലിക സ്റ്റേ അനുവദിച്ചത്. 1974ൽ സ്പെഷൽ വിദ്യാലയം എന്ന നിലയിലാണ് ഇവിടെ ആരംഭം കുറിച്ചത്. ഈ നില ഇപ്പോഴും തുടരുകയാണ്. അന്ന് മുതൽ പ്രത്യേക പരീക്ഷ നടത്തിയിട്ടാണ് കുട്ടികളെ യു.പിയിലേക്കും ഹൈസ്കൂളിലേക്കും പ്രവേശിപ്പിക്കാറ്. ഈ സമ്പ്രദായം നിലനിർത്തണമെന്ന് അലുമ്നി അസോസിയേഷൻ പ്രസിഡണ്ട് ഡോ.രവീന്ദ്രനാഥ്, സെക്രട്ടറി പി.പ്രമോദ്കുമാർ എന്നിവർ വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

അതേസമയം ടാഗോറിലെ പ്രവേശന പരീക്ഷ റദ്ദാക്കിയതും തുടർന്ന് ഹൈക്കോടതി സ്റ്റേ ചെയ്തതും ഈ വർഷത്തെ പ്രവേശനത്തെ ബാധിക്കും. 176 പേർ അഞ്ചാംക്ലാസിലേക്കും 89 പേർ എട്ടാം ക്ലാസിലേക്കും അപേക്ഷ നൽകിയിട്ടുണ്ട്. ഇനി പരീക്ഷ നടത്തിയാണ് പ്രവേശനം നടത്തുന്നതെങ്കിൽ അതിനുള്ള സമയം ഇല്ല. പുതിയ തീയതി പ്രഖ്യാപിക്കണം. പരീക്ഷ നടത്തണം. റിസൾട്ട് പ്രഖ്യാപിക്കണം. 12-ാം തീയതി മുതൽ വിവിധ വിദ്യാലയങ്ങളിൽ നിന്ന് ടി.സി നൽകാൻ തുടങ്ങും. ഈ സാഹചര്യത്തിൽ സങ്കീർണ്ണമായ പ്രക്രിയക്ക് നിന്ന് കൊടുക്കാൻ വിദ്യാർത്ഥികളും രക്ഷിതാക്കളും തയ്യാറല്ല.

മറ്റൊന്ന് തളിപ്പറമ്പിന് ചുറ്റുമുള്ള പൊതുവിദ്യാലയങ്ങൾ ടാഗോറിനെക്കാൾ നല്ല വിദ്യാഭ്യാസം ലഭിക്കുന്ന സ്ഥാപനങ്ങളായി മാറി. മിക്കവാറും എല്ലാ സർക്കാർ ഹൈസ്കൂളിലും 100 ശതമാനമാണ് എസ്.എസ്.എൽ.സി വിജയം. ജില്ലയിലെ ഏറ്റവും മികച്ച കുട്ടികളെ പ്രവേശന പരീക്ഷയിലൂടെ കണ്ടെത്തി 5 വർഷം അഭ്യസിപ്പിച്ചിട്ടും മുഴുവൻ കുട്ടികൾക്കും എ പ്ലസ് വാങ്ങികൊടുക്കാൻ ടാഗോറിന് കഴിയുന്നില്ല. സീതിയിൽ 994 പേരും മൂത്തേടത്ത് 592 പേരും എസ്.എസ്.എൽ.സി പരീക്ഷ എഴുതുമ്പോൾ 10 ഏക്രയിൽ നല്ല ഭൗതിക സാഹചര്യത്തിലുള്ള ടാഗോറിൽ വർഷങ്ങളായി 70ൽ താഴെ പേരെ മാത്രമാണ് എസ്.എസ്.എൽ.സി പരീക്ഷ എഴുതിക്കുന്നത്. ഇതിന് മാറ്റം വരുത്താനാണ് സർക്കാർ പ്രവേശന പരീക്ഷ ഒഴിവാക്കിയത്. അതേസമയം ജില്ലയിലെ മികച്ച വിദ്യാലയമായി ടാഗോറിനെ മാറ്റാനുള്ള പ്രൊജക്ട് റിപ്പോർട്ട് അടക്കം തയ്യാറാക്കി നൽകിയിട്ടുണ്ടെന്നുമാണ് അലുമ്നി അസോസിയേഷന്റെ നിലപാട്.

വൻ തുക നഷ്ടപ്പെട്ടു

തളിപ്പറമ്പ: തളിപ്പറമ്പിൽ നിന്ന് കണ്ണൂരിലേക്കുള്ള ഇരുചക്രവാഹന യാത്രാമധ്യേ വൻ തുക നഷ്ടപ്പെട്ടു. കണ്ടുകിട്ടുന്നവർ 9947961135 നമ്പറിൽ അറിയിക്കാൻ താൽപ്പര്യം.

ദീപസ്തംഭം സമർപ്പണം

ബക്കളം: പീലേരി പുത്തൻപുര മുത്തപ്പൻ മടപ്പുരയിൽ ദീപസ്തംഭം സമർപ്പണം 13ന് വൈകുന്നേരം ആറ് മണിക്കും 6.47നും ഇടയിലുള്ള മുഹൂർത്തത്തിൽ കാപ്പാടൻ സിദ്ധാർത്ഥൻ നിർവഹിക്കും. വൈകുന്നേരം അഞ്ച് മണിക്ക് ഊട്ടും വെള്ളാട്ടം ഉണ്ടായിരിക്കും.

പനങ്ങാട്ടൂർ മുണ്ടക്കത്തറമ്മൽ ക്ഷേത്ര കളിയാട്ടം

തളിപ്പറമ്പ: പനങ്ങാട്ടൂർ കൊഴുമ്മൽ മുണ്ടക്കത്തറമ്മൽ കുടുംബ ആരൂഢ ക്ഷേത്രത്തിലെ കളിയാട്ടം 12, 13 തീയതികളിൽ നടത്തും. 13ന് രാവിലെ അഞ്ച് മണി മുതൽ വയനാട്ടുകുലവൻ, വിഷ്ണുമൂർത്തി, ഗുളികൻ തെയ്യങ്ങളുടെ പുറപ്പാട്.

ബസുടമകളുടെ യോഗം നാളെ

കണ്ണൂർ: കണ്ണൂർ- പഴയങ്ങാടി- പയ്യന്നൂർ റൂട്ടിലോടുന്ന ബസിന്റെ ഉടമകളുടെ യോഗം നാളെ വൈകീട്ട് മൂന്ന് മണിക്ക് ജില്ലാ ബസ് ഓപ്പറേറ്റേഴ്സ് ഹാളിൽ ചേരുമെന്ന് ചെയർമാൻ എം.വി. വൽസലനും വൈസ് ചെയർമാൻ രാജ്കുമാർ കരുവാരത്തും അറിയിച്ചു.

സ്കാറ്റിങ്ങിൽ ഗിന്നസ് മോഹവുമായി ആൻമരിയയും ആൽബിനും

ശ്രീകണ്ഠപുരം: സ്കാറ്റിങ്ങിൽ പുതുചരിത്രം രചിച്ച് സഹോദരങ്ങൾ. ശ്രീകണ്ഠപുരം മേരി ഗിരി സ്കൂൾ വിദ്യാർത്ഥികളായ ആൻമരിയ ജോസഫും ആൽബിൻ ജോസഫുമാണ് മലയോരത്തിന്റെ കായിക പാരമ്പര്യം നിലനിർത്താനായി സ്കാറ്റിങ്ങിന്റെ വഴിയെ ഗിന്നസ് മോഹവുമായി മുന്നേറുന്നത്. എറണാകുളം പള്ളിക്കലിൽ സമാപിച്ച കേരള സ്റ്റേറ്റ് ഓപ്പൺ റോൾ ബോൾ ചാമ്പ്യൻഷിപ്പിലാണ് ഈ കുഞ്ഞു താരങ്ങൾ മെഡൽ കൊയ്ത്ത് നടത്തിയത്. കഴിഞ്ഞവർഷം തിരുവനന്തപുരത്ത് നടന്ന സൗത്ത് സോൺ സ്കാറ്റിങ്ങ് ചാമ്പ്യൻഷിപ്പിലും ആൽബിനും ആൻമരിയയും ഒന്നാമതായിരുന്നു.

ആൻമരിയയും ആൽബിനും

സ്കാറ്റിങ്ങ് റിംഗ് (രണ്ട്) 500 മീറ്റർ, റിംഗ് (രണ്ട് എ) 1000 മീറ്റർ, റിലേ 400 മീറ്റർ എന്നിവയിലെല്ലാം തകർപ്പൻ മത്സരം കാഴ്ചവച്ച് നാലാം തരം വിദ്യാർത്ഥിനിയായ ആൻമരിയ ട്രിപ്പിൾ ജയത്തോടെ ഒന്നാമതെത്തിയപ്പോൾ ആറ് വയസിൽതാഴെയുള്ളവരുടെ വിഭാഗത്തിൽ മത്സരിച്ച ആൻമരിയയുടെ സഹോദരൻ ഒന്നാം ക്ലാസുകാരനായ അൽബിൻ റിംഗ് (രണ്ട്), റിംഗ് (രണ്ട് എ)എന്നീ വിഭാഗങ്ങളിലാണ് രണ്ടാംസ്ഥാനം സ്വന്തമാക്കിയത്. ഇവിടുത്തെ താരങ്ങൾക്ക് പുറമെ കർണ്ണാടക, തമിഴ്നാട്, ആന്ധ്രപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നടക്കമുള്ള താരങ്ങളോട് സ്കാറ്റിങ്ങിൽ പോരടിച്ചാണ് ആൻമരിയ, ആൽബിൻ സഹോദരങ്ങൾ മെഡലുകൾ വാരി കൂട്ടിയതെന്ന പ്രത്യേകതയുമുണ്ട്. മൂൻ വർഷങ്ങളിലും ഇരുവർക്കും സ്കാറ്റിങ്ങിൽ നിരവധി സമ്മാനങ്ങൾ ലഭിച്ചിട്ടുണ്ട്. ക്ലാസു കഴിഞ്ഞുള്ള ഇടവേളകളിലാണ് ഇരുവരും പരിശീലനം നടത്തുന്നത്. ഏറെ സാഹസികതയുണ്ടായിട്ടും ഈ സഹോദരങ്ങൾ സ്കാറ്റിങ്ങിലേക്ക് ഇറങ്ങിയെന്നതും പെട്ടെന്ന് തന്നെ താരങ്ങളായി മാറാൻ കഴിഞ്ഞുവെന്നതും ഏറെ ശ്രദ്ധേയമാണ്. ശ്രീകണ്ഠപുരത്തെ ടിപ്പ് ടോപ്പ് ഫർണിച്ചർ ഷോപ്പുടമ കൊട്ടൂർ വയലിലെ കൈച്ചിറ മറ്റത്തിൽ ബിജു - ലിജിയ ദമ്പതിമാരുടെ മക്കളാണ് ആൻമരിയയും ആൽബിനും. ഇനിയും ഒട്ടേറെ മത്സരങ്ങളിൽ മിന്നും പ്രകടനം കാഴ്ചവെക്കാനുള്ള കഠിന പരിശ്രമത്തിലാണിവർ.16 മുതൽ ബൽഗാമിൽ നടക്കുന്ന 24 മണിക്കൂർ റോൾ ബോൾ സ്കാറ്റിങ്ങിൽ പങ്കെടുത്ത് ഗിന്നസ് റെക്കോഡ് സ്വന്തമാക്കുകയാണ് ഈ താരങ്ങളുടെ ലക്ഷ്യം.

കോൺഗ്രസ് ഇല്ലാതായാൽ തകരുന്നത് നാടിന്റെ ഐക്യവും ജനാധിപത്യവും: കെ.സി. ജോസഫ്

ശ്രീകണ്ഠപുരം: കോൺഗ്രസ് ഇല്ലാതായാൽ തകരുന്നത് നാടിന്റെ ഐക്യവും ജനാധിപത്യവുമാണെന്ന് കെ.സി. ജോസഫ് എം.എൽ.എ. കോൺഗ്രസ് ചെങ്ങളായി മണ്ഡലം 86-ാം ബൂത്ത് കുടുംബ സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കേന്ദ്ര സംസ്ഥാന സർക്കാറുടെ പ്രവർത്തനങ്ങൾ ജനാധിപത്യത്തെ ഇല്ലാതാക്കുന്ന രീതിയിലാണ്. നരേന്ദ്ര മോദിയുടെയും പിണറായി വിജയന്റെയും ഭരണം ജനങ്ങൾ മടുത്തുതുടങ്ങിയെന്നും അദ്ദേഹം പറഞ്ഞു.

കോൺഗ്രസ് ചെങ്ങളായി മണ്ഡലം 86-ാം ബൂത്ത് കുടുംബ സംഗമം കെ.സി.ജോസഫ് എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു.

ബൂത്ത് പ്രസിഡന്റ് ജെയ്സൺ ചിറമാട്ടേൽ അധ്യക്ഷത വഹിച്ചു. ഡി.സി.സി. ജനറൽ സെക്രട്ടറിമാരായ പി.ജെ. ആന്റണി, കെ.വി. ഫിലോമിന, ബ്ലോക്ക് പ്രസിഡന്റ് എം.ഒ. മാധവൻ, കെ.സി. വിജയൻ, പി.ഗോവിന്ദൻ, അലക് സാണ്ടർ കുഴിയാത്ത്, ടി.സി. പ്രീയ, റിൻസി ജോൺസൺ എന്നിവർ സംസാരിച്ചു.

എസ്.എഫ്.ഐ ജില്ലാ സമ്മേളനത്തോടനുബന്ധിച്ച് നടത്തിയ മെഗാ ക്വിസ് മത്സരം എ.നിശാന്ത് മാസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു

എസ്.എഫ്.ഐ ജില്ലാതല മെഗാക്വിസ് മത്സരം

കണ്ണൂർ : എസ് എഫ് ഐ കണ്ണൂർ ജില്ലാ സമ്മേളനത്തിനോടനുബന്ധിച്ച് ജില്ലാതല മെഗാ ക്വിസ് മത്സരം ബക്കളം ഏ കെ ജി മന്ദിരത്തിൽ വെച്ച് നടന്നു. കണ്ണൂർ സർവ്വകലാശാല സിൻഡിക്കേറ്റ് മെമ്പർ എ.നിശാന്ത് മാസ്റ്റർ ഉദ്ഘാടനം ചെയ്തു. അക്ഷയ് കെ.പി അധ്യക്ഷനായി. പി. എം അഖിൽ, ഷീമ ടി.വി.എം, ഷിബിൻ കാനായി, പ്രജീഷ് ബാബു. വി. സംസാരിച്ചു. ഐ ശ്രീകുമാർ സ്വാഗതം പറഞ്ഞു. യു പി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിഭാഗങ്ങളിലാണ് മത്സരം നടന്നത്. വിജയികൾക്ക് യഥാക്രമം 3000, 2000, 1500 രൂപ വീതം ക്യാഷ് പ്രൈസും ട്രോഫിയും സി.പി.ഐ.എം തളിപ്പറമ്പ് ഏരിയാ സെക്രട്ടറി പി.മുകുന്ദൻ വിതരണം ചെയ്തു.

നിർമ്മാണ തൊഴിൽ മേഖലയിലെ പ്രതിസന്ധി പരിഹരിക്കണം

കരുവഞ്ചാൽ: കരിങ്കല്ല്, ചെങ്കല്ല്, മണൽ തുടങ്ങിയവയുടെ ക്ഷാമത്തെ തുടർന്ന് നിർമ്മാണ തൊഴിൽ മേഖല നേരിടുന്ന പ്രതിസന്ധിക്ക് അടിയന്തര പരിഹാരം കാണണമെന്ന് കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ (സി.ഐ.ടി.യു) കരുവഞ്ചാൽ ഡിവിഷൻ സമ്മേളനം ആവശ്യപ്പെട്ടു. കെ. സഹീർ അധ്യക്ഷത വഹിച്ചു. ഏരിയാ സെക്രട്ടറി കെ.എസ്. ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്തു. എം.എസ്. പ്രസാദ്, കെ.ടി. തോമസ് പ്രസംഗിച്ചു. എം.കെ. തോമസ് സ്വാഗതം പറഞ്ഞു. ഭാരവാഹികളായി പി.ഡി. രാഘവൻ (പ്രസിഡണ്ട്), കെ.ഒ. സണ്ണി, മേരി ബെന്നി (വൈസ് പ്രസിഡണ്ട്), എം. കെ. തോമസ് (സെക്രട്ടറി), ഉഷ ജനാർദനൻ, സി.കെ. രാധ (ജോയിന്റ് സെക്രട്ടറി) എന്നിവരെ തിരഞ്ഞെടുത്തു.

തളിപ്പറമ്പ നഗരസഭ

ലേലം/ടെണ്ടർ നോട്ടീസ്

ആർ. 3-2596/18 നഗരസഭാ കാര്യാലയം
തീയതി: 09-05-2018

തളിപ്പറമ്പ നഗരസഭയിലെ ബസ്സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ യൂസർ ഫീ 01-06-2018 മുതൽ 31-03-2018 വരെയുള്ള കാലയളവിൽ പിരിച്ചെടുക്കുന്നതിനുള്ള അവകാശം 21-05-2018ന് രാവിലെ 11 മണിക്ക് ലേലം/ടെണ്ടർ ചെയ്യുന്നതാണ്. വിശദവിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ നഗരസഭാ ഓഫീസിൽ നിന്നോ, നഗരസഭയുടെ വെബ്സൈറ്റിൽ നിന്നോ അറിയാവുന്നതാണ്.

ടെണ്ടർ ഫോറം വിതരണം – 19-05-2018 – വൈകു. 3 മണി വരെ
ടെണ്ടർ തപാലിൽ സ്വീകരിക്കുന്ന അവസാന തീയതി – 21-05-2018 – രാവിലെ 11 മണി വരെ
ടെണ്ടർ തുറക്കുന്ന തീയതി, സമയം – 21-05-2018 – രാവിലെ 11 മണിക്ക്

സെക്രട്ടറി (ഒപ്പ്)
തളിപ്പറമ്പ നഗരസഭ

വെള്ളൂർ ജവഹർ വായനശാല ബാലവേദി സംഘടിപ്പിച്ച 'രാക്കിളിക്കൂട്ട'ത്തിൽ നടൻ ഇന്ദ്രൻസ് സംസാരിക്കുന്നു

ഗുരുത്വക്കേടാണ് എന്നെ ഞാനാക്കിയത്: ഇന്ദ്രൻസ്

വെള്ളൂർ: ഗുരുത്വക്കേടാണ് എന്നെ ഞാനാക്കിയതെന്ന് നടൻ ഇന്ദ്രൻസ്. അമ്മയുടെയും അധ്യാപകരുടെയും പ്രതീക്ഷക്കൊത്ത് ഉയരാനാവാത്ത ബാല്യകാലമായിരുന്നു തന്റെതെന്നും 'നീ നാട്ടുകാരെക്കൊണ്ടു ചിരിപ്പിക്കും, എന്ന അമ്മയുടെ ശാപവാക്കാണ് തനിക്ക് അനുഗ്രഹമായതെന്നും അദ്ദേഹം പറഞ്ഞു. വലിയ താരമാകാനല്ല ഒരു സാധാരണ നാട്ടിൻ പുറത്തുകാരനായി നിങ്ങൾക്കിടയിൽ ജീവിക്കാനാണ് ആഗ്രഹം. ഇഷ്ടപ്പെട്ട നടനേതെന്ന കുട്ടികളുടെ ചോദ്യത്തിന് ചാർലി ചാപ്ലിൻ എന്നും മലയാളത്തിലെ ഇഷ്ടനായിക കവിയൂർ പൊന്നമ്മയെന്നുമായിരുന്നു ഇന്ദ്രൻസിന്റെ സമർഥമായ ഉത്തരം.

വെള്ളൂർ ജവഹർ വായനശാല ബാലവേദി സംഘടിപ്പിച്ച 'രക്കിളിക്കൂട്ടത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പയ്യന്നൂർ നഗരസഭാ ചെയർമാൻ അഡ്വ: ശശി വട്ടക്കൊവ്വൽ അധ്യക്ഷത വഹിച്ചു. പി.വി മഹേഷ് സ്വാഗതവും വത്സൻ നന്ദിയും പറഞ്ഞു. വായനശാലയുടെ ഉപഹാരം ഇ. ഭാസ്ക്കരൻ നൽകി. കൃഷ്ണകുമാർ പള്ളിയത്ത് നാട്ടുപയമ അവതരിപ്പിച്ചു.

അഖിലേന്ത്യ കുറാഷ് ചാമ്പ്യൻഷിപ്പിനുള്ള കേരള ടീമിലേക്ക് കണ്ണൂരിൽ നിന്നും യോഗ്യത നേടിയ കുട്ടികൾ പരിശീലക കെ.വി. ഷനിലയോടൊപ്പം.

കണ്ണൂരിന്റെ ആറ് മക്കൾ അഖിലേന്ത്യാ കുറാഷിൽ പങ്കെടുക്കും

ശ്രീകണ്ഠപുരം: ജാർഖണ്ഡിൽ ഈ മാസം 14 മുതൽ 17 വരെ നടക്കുന്ന അഖിലേന്ത്യാ സബ് ജൂനിയർ കുറാഷ് ചാമ്പ്യൻഷിപ്പിനുള്ള കേരള ടീമിലേക്ക് കണ്ണൂരിൽ നിന്ന് ആറ് കുട്ടികൾ യോഗ്യത നേടി. നാഷണൽ കുറാഷ് താരവും ആലുവ എം.ഇ.എസ് കോളേജ് വിദ്യാർത്ഥിനിയുമായ കെ.വി. ഷനില പരിശീലിപ്പിച്ച ചെങ്ങളായി പെരിങ്കോന്ന് സ്വദേശികളായ ധീരജ് ബിജു, ആകർ ചന്ദ്ര, മുഹമ്മദ് ഷിബിൽ, കെ.വി.അഭിനന്ദ്, ഇ.വി.ദേവനന്ദ, പരിയാരം സ്വദേശി കെ.വി. ശ്രേയന എന്നിവരാണ് കുറാഷ് ടീമിൽ യോഗ്യത നേടിയത്. ഇവരെ കൂടാതെ മറ്റ് ജില്ലകളിൽ നിന്നും ഒമ്പത് കുട്ടികളും കേരള ടീമിൽ ഇടം നേടിയിട്ടുണ്ട്. എം.ഇ.എസ്. കോളേജ് വിദ്യാർത്ഥിനി എം. നിഷയാണ് ടീം മാനേജർ. 24 സംസ്ഥാനങ്ങളിൽ നിന്നായി 600 ഓളം താരങ്ങൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കും. കേരള ടീം 12 ന് എറണാകുളത്ത് നിന്നും യാത്ര തിരിക്കുമെന്ന് കേരള കുറാഷ് അസോസിയേഷൻ സംസ്ഥാന സെക്രട്ടറി രാജൻ വർഗീസ് അറിയിച്ചു. കുറാഷ് ഇനത്തിന് സംസ്ഥാനത്ത് അടുത്തിടെ പ്രചാരം വർധിച്ചതോടെ നിരവധി കായിക താരങ്ങളാണ് ഈ രംഗത്ത് പരിശീലനത്തിനായി എത്തിയിട്ടുള്ളത്.ജാർഖണ്ഡിൽ തകർപ്പൻ പ്രകടനം കാഴ്ചവെക്കാനാവുമെന്ന പ്രതീക്ഷയുണ്ടെന്ന് കുഞ്ഞു താരങ്ങൾ പറഞ്ഞു.

എസ്.എസ്.എൽ.സി പരീക്ഷയിൽ നൂറ് ശതമാനം വിജയം നേടിയ ചെറിയൂർ ഗവ. ഹൈസ്കൂൾ വിദ്യാർത്ഥികൾ അധ്യാപകർക്കൊപ്പം

ഉത്തരമേഖല വോളിബോൾ ടൂർണ്ണമെന്റ് 16 മുതൽ കാർത്തികപുരത്ത്

ആലക്കോട്: കാർത്തികപുരം യുവധാര സ്പോർട്സ് ക്ലബ് ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന 20-ാമത് ഉത്തരമേഖല വോളീബോൾ ടൂർണ്ണമെന്റ് 16 മുതൽ 20 വരെ കാർത്തികപുരം ഗവ. ഹയർസെക്കണ്ടറി സ്കൂൾ ഫ്ളഡ്ലിറ്റ് സ്റ്റേഡിയത്തിൽ നടക്കും. എല്ലാ ദിവസവും ആറ് മുതലാണ് ടൂർണ്ണമെന്റ്. രണ്ട് മൽസരങ്ങൾ വീതം ഉണ്ടായിരിക്കും.